# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/149/2018 2018 ജൂലൈ 11

## പത്രക്കുറിപ്പ്

**പി.ജി. ഏകജാലകം: ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓപ്ഷനുകൾ പുതുക്കുന്നതിനും ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനും ഇന്ന് (ജൂലൈ 12) വൈകീട്ട് 5 മണി വരെ അവസരമുണ്ടാകും. ഓപ്ഷനുകൾ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകർ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്കും, ട്രയൽ അലോട്ട്മെന്റിലെ വിവിധ പ്രോഗ്രാമുകളിലെ ലാസ്റ്റ് റാങ്ക് വിശദാംശങ്ങളും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർക്ക് തങ്ങൾ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്ക്, വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളുടെ സീറ്റ് വിശദാംശങ്ങൾ, ലാസ്റ്റ് റാങ്ക് വിശദാംശങ്ങൾ, പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് എന്നിവ പരിശോധിച്ച് ഉചിതമായ ഓപ്ഷനുകൾ ആവശ്യമെങ്കിൽ പുതുതായി നൽകുകയോ പുനഃക്രമീകരിക്കുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷയിലെ കൃത്യത ഉറപ്പുവരുത്തുന്നതിനും ഓപ്ഷനുകൾ നൽകുന്നതിനുമുള്ള വിശദവിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഒന്നാം അലോട്ട്മെന്റ് ജൂലൈ 17ന് പ്രസിദ്ധീകരിക്കും.

**പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ സ്റ്റഡീസ് നടത്തുന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷകൾ (ജുഡീഷ്യൽ പ്രോസസ്, റിസർച്ച് മെതഡോളജി) യഥാക്രമം ജൂലൈ 9, 14 തീയതികളിൽ നടക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലൈ 16 വരെയും 50 രൂപ പിഴയോടെ 23 വരെയും സമർപ്പിക്കാം.

**പ്രാക്ടിക്കൽ**

2018 ജൂൺ മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ, വയലിൻ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ 20 മുതൽ 26 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ അപേക്ഷിക്കാം.

**'കാൻസർ ചികിത്സാരംഗത്തെ നൂതന ആശയങ്ങൾ': എം.ജി.യിലെ പ്രഭാഷണം സമാപിച്ചു**

ഐ.ഐ.ടി. ഗുവാഹട്ടി പ്രൊഫസറും പ്രമുഖ കാൻസർ മരുന്ന് ഗവേഷകനുമായ പ്രൊഫ. അജയ് ബി. കുന്നമ്മക്കരയുടെ പ്രഭാഷണം എം.ജി.യിൽ നടന്നു. മഞ്ഞളിൽ നിന്നും വേർതിരിച്ചെടുക്കുന്ന കുർകുമിൻ കാൻസർ ചികിത്സാരംഗത്ത് ഫലപ്രദമായി ഉപയോഗിക്കാമെന്ന് അദ്ദേഹം പറഞ്ഞു. കുർകുമിന്റെ ജീവശാസ്ത്രപരമായ ഉപയോഗം മെച്ചപ്പെടുത്തുന്നതിനും കാൻസർ കോശങ്ങളെ നശിപ്പിക്കുന്നതിനുള്ള ശേഷി കൂട്ടുന്നതിനും വേണ്ടി ജെംസിറ്റബൈൻ സംയോജിപ്പിച്ചുള്ള മരുന്ന് ഇദ്ദേഹം വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാനോ ടെക്നോളജി കാൻസർ മരുന്ന് ഗവേഷണത്തിനും

ചികിത്സയ്ക്കും ഉപയോഗിക്കാം എന്നതിൽ വിശദമായ ചർച്ച നടന്നു. മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക് നോളജി വിഭാഗത്തിന്റെ 'നാനോ ചെയർ പ്രൊഫസർഷിപ്പ്' നൽകി പ്രൊഫ. അജയ്‌യെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ആദരിച്ചു. ഗുവാഹട്ടി ഐ.ഐ.ടി.യും ഐ.ഐ.യു.സി.എൻ.എൻ. മഹാത്മാഗാന്ധി സർവ്വകലാശാലയുമായി ഭാവിയിൽ ഗവേഷണം, അദ്ധ്യാപക വിദ്യാർത്ഥി എക്സ്ചേഞ്ച് പദ്ധതി എന്നിവയിൽ ധാരണയിൽ എത്താനും രേഖകളിൽ ഒപ്പിടാനും തീരുമാനമായി. ചടങ്ങിൽ നാനോ വിഭാഗം മേധാവി ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ഇന്ദുലേഖ, ഡോ. പ്രവീൺ ജി.എൽ., ഡോ. കഞ്ചൻ ഉപാധ്യായ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗത്തിന്റെ 'നാനോ ചെയർ പ്രൊഫസർഷിപ്പ്' വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രൊഫ. അജയ് ബി. കുന്നമ്മക്കരയ്ക്ക് നൽകി ആദരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**